(ബി) 2013-14-ലെ ലഭ്യമായ കണക്ക് അനുസരിച്ച് കേരളത്തിലെ സർക്കാർ ആശുപത്രികളിൽ നടത്തിക്കൊണ്ടിരിക്കുന്ന പ്രസവങ്ങളിൽ 38.1 ശതമാനം സിസേറിയൻ പ്രസവങ്ങൾ ആണ്. സ്വകാര്യ ആശുപത്രികളിൽ ആകെയുള്ള പ്രസവങ്ങളിൽ 40.7 ശതമാനം സിസേറിയൻ പ്രസവങ്ങൾ ആണ്. എന്നാൽ സർക്കാർ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിൽ സിസേറിയൻ നിരക്ക് 20 ശതമാനമാണ്.

(സി) ഉയർന്ന തോതിലുള്ള സിസേറിയൻ പ്രസവത്തിന്റെ കാരണം വിശദമായി അന്വേഷിക്കുകയും ആയത് നിയന്ത്രിക്കുന്നതിനുള്ള കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 7-5-2011-ലെ ജി.ഒ. (ആർ‌ടി.) നമ്പർ 1791/2011/ ആ.കു.വ. പ്രകാരം ഈ വിഷയത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ചിയാക് പദ്ധതിയിൽ ഹീമോഫീലിയ രോഗത്തിന് ചികിത്സാ സഹായം

28 (8088) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ആർ.എസ്.ബി.വൈ./ചിസ് പദ്ധതി പ്രകാരം നിലവിലുള്ള ചികിത്സാ പാക്കേജുകൾ ഏതെല്ലാം ; വിശദമാക്കാമോ ;

(ബി) ഹീമോഫീലിയ ഫാക്ടർ ചികിത്സ ചിസ് പ്ലസിൽ ഉൾപ്പെടുത്തി ചികിത്സാ സഹായം നൽകാൻ നടപടി സ്വീകരിക്കുമോ ;

(സി) ചിസ് പ്ലസ് പദ്ധതി പ്രകാരമുള്ള വിവിധ ചികിത്സാ പാക്കേജുകൾ നിശ്ചയിക്കുന്നത് എങ്ങനെയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആർ.എസ്.ബി.വൈ./ചിസ് പദ്ധതി പ്രകാരം നിലവിലുള്ള ചികിത്സാ പാക്കേജുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സ്വീകരിച്ചുവരുന്നു.

(സി) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് ഏജൻസി കേരള (ചിയാക്)യുടെ ഉന്നതാധികാര സമിതി നിശ്ചയിച്ചിരിക്കുന്ന പ്രത്യേക കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരമാണ് ചിസ് പ്ലസ് പദ്ധതിയുടെ വിവിധ ചികിത്സാ പാക്കേജുകൾ നിശ്ചയിച്ചിരിക്കുന്നത്.

സംസ്ഥാനത്ത് എച്ച്.ഐ.വി. ബാധിച്ചവരുടെ വർദ്ധനവ്

29 (8089) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് എച്ച്.ഐ.വി. ബാധിച്ചവരുടെ എണ്ണം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly